# കേരള സർക്കാർ

**സംഗ്രഹം**

സഹകരണ വകുപ്പ് - കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി - ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സഹകരണ (ബി) വകുപ്പ്

**സ.ഉ(കൈ)നം. 96/2014/സഹ** **തീയതി, തിരുവനന്തപുരം, 24.07.2014**

---

പരാമർശം:- 1. 02.02.2007 ലെ സ.ഉ (കൈ) നം. 55/2007/സഹ നമ്പർ ഉത്തരവ്

2. 18.11.2008 ലെ സ.ഉ (കൈ) നം. 249/2008/സഹ നമ്പർ ഉത്തരവ്
3. 21.03.2012 ലെ സ.ഉ (സാധാ) നം. 180/2012/സഹ നമ്പർ ഉത്തരവ്
4. 30.03.2012 ലെ സ.ഉ (കൈ) നം. 42/2012/സഹ നമ്പർ ഉത്തരവ്
5. സഹകരണ സംഘം രജിസ്ട്രാറുടെ 20.09.2012, 04.12.2012, 19.10.2013, 03.01.2014 എന്നീ തീയതികളിലെ സി.ജി (1) 44603/2012 നമ്പർ കത്തുകളും 26.06.2014 ലെ സി.ജി(1) 9681/2014 (1) നമ്പർ കത്തും.
6. 16.06.2014 ലെ കേരള വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ 6627/2013 നമ്പർ കത്ത്.

### ഉത്തരവ്

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി ചട്ടങ്ങളിൽ കാലാനുസൃതമായി ഭേദഗതികൾ വരുത്തണമെന്ന് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ഭരണസമിതി തീരുമാനമെടുത്ത് സഹകരണ സംഘം രജിസ്ട്രാർ മുഖേന സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി ചട്ടങ്ങൾ ഭേദഗതി വരുത്തി ഉത്തരവാകുന്നു. ഭേദഗതി വരുത്തിയ ചട്ടങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**കെ.എസ്. ശ്രീനിവാസ്**
**സെക്രട്ടറി**

To

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
സെക്രട്ടറി, കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ ഫണ്ട് ബോർഡ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

# കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി ഭേദഗതികൾ

| ക്രമ നമ്പർ | നിലവിലുള്ളത് | ഭേദഗതി |
|---|---|---|
| 1. | 1. ആമുഖം<br><br>വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും,, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാകാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കിനിൽക്കുന്ന ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു സ്വാശ്രയ പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി 2008/കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008 | 1. ആമുഖം<br>വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാകാലാവധിയിലോ വായ്പകാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കിനിൽക്കുന്ന ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു സ്വാശ്രയ പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി 2008/കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008 |
| 2 | 4.പദ്ധതിയുടെ ലക്ഷ്യം:-<br>(എ) വായ്പയെടുത്ത അംഗം വായ്പക്കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേദിവസം ബാക്കി നിൽക്കുന്ന ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഫണ്ടിൽ നിന്നും നൽകും. ഒന്നിൽ കൂടുതൽ പേർ ചേർന്ന് എടുത്ത കോ-ഒബ്ളിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിലും, അതിൽ ഒരു വായ്പക്കാരൻ മരണപ്പെടുകയും ചെയ്താൽ മറ്റു വായ്പക്കാർക്ക് ബാക്കി നിൽക്കുന്ന തുക അടച്ച് തീർക്കാൻ കഴിവില്ലെന്ന് ബന്ധപ്പെട്ട സഹകരണ സംഘത്തിന് ബോദ്ധ്യപ്പെടുകയാണെങ്കിൽ സംഘം ഭരണസമിതിയുടെ അപ്രകാരമുള്ള ശുപാർശയിൻമേൽ അത്തരം വായ്പകളിൽ ഒരു വായ്പക്കാരന്റെ മരണ തീയതി മുതൽ ബാക്കിനിൽക്കുന്ന വായ്പാതുകയോ, ടി തുകയുടെ ആനുപാതികമായ തുകയോ ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. ടി പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപലിശ, മറ്റ് ചിലവുകൾ ഇവ മുഴുവനും സംഘം പൊതുയോഗത്തിന്റെ അനുമതിയോടും | 4. .പദ്ധതിയുടെ ലക്ഷ്യം:-<br>(എ) വായ്പയെടുത്ത അംഗം വായ്പാകാലാവധിയിലോ വായ്പകാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേദിവസം ബാക്കി നിൽക്കുന്ന ഒന്നരലക്ഷം രൂപവരെയുള്ള മുതലും അതിന്റെ പലിശയും ഫണ്ടിൽ നിന്നും നൽകും. ഒന്നിൽ കൂടുതൽ പേർ ചേർന്ന് എടുത്ത കോ-ഒബ്ളിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ, അതിൽ ഒരു വായ്പക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പക്കാരന്റെ മരണതീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതികമായ തുകയും ആയതിന്റെ പലിശയും ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. ടി പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപലിശ, മറ്റ് ചിലവുകൾ ഇവ മുഴുവനും സംഘം പൊതുയോഗത്തിന്റെ അനുമതിയോടും രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതിത്തള്ളണം. |

| | | |
|---|---|---|
| | രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതിത്തളളണം. മേൽപ്പറഞ്ഞ ആനുകൂല്യം ടി വ്യവസ്ഥകളോടെ വായ്പാ കാലാവധിക്ക് ശേഷം മരണപ്പെട്ടവർക്കും ബാധകമായിരിക്കും | |
| 3. | 4 (ബി) വായ്പയെടുത്ത് 6 മാസത്തിൽ കൂടുതൽകാലം തുടർച്ചയായി വായപകൾ തിരിച്ചടയ്ക്കുന്നതിന് വീഴ്ച വരുത്തിയ വായ്പക്കാരൻ വായ്പകാലാവധിക്കുളളിൽ മരണപ്പെട്ടാലും ഈ പദ്ധതിയിൽ പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹനായിരിക്കുന്നതല്ല. | 4 (ബി) വായ്പക്കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ട് മുമ്പ്· തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും, വായ്പക്കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പകാലാവധി തീരുന്ന തീയതിക്ക് തൊട്ട്മുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. |
| 4 | 4 (സി) വായ്പക്കാരൻ തിരിച്ചടവുകൾ നടത്തിക്കൊണ്ടിരിക്കുകയും എന്നാൽ വായ്പകാലാവധിക്കകം വായ്പക്കാരൻ മാരകമായ രോഗങ്ങൾ പിടിപെടുകയോ, മറ്റ് നിയന്ത്രണാതീതമായ കാരണങ്ങൾകൊണ്ടോ മുഴുവൻ വായ്പാ ബാദ്ധ്യതകളും തീരാതെ നിൽക്കുകയും ചെയ്യുന്ന കേസ്സുകളിൽ വായ്പ തിരിച്ചടവിനുളള നിശ്ചിത **കാലാവധി കഴിഞ്ഞ് 90 ദിവസത്തിനകം വായ്പക്കാരൻ മരണപ്പെടുകയാണെങ്കിൽ അത്തരം കേസ്സുകൾക്കും** ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം നൽകേണ്ടതാണ്. | 4 (സി) നിബന്ധന(ഡി)യിൽ പ്രതിപാദിക്കുന്ന മാരകരോഗം പിടിപെടുന്ന വായ്പാക്കാരുടെ വായ്പകൾക്ക് നിബന്ധന 4(ബി) ബാധകമായിരിക്കുന്നതല്ല. |
| 5 | 4 (ഡി) വായ്പയെടുത്ത ശേഷം വായ്പക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പാ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസ്സുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75000 (എഴുപത്തഞ്ചായിരം)രൂപയും ആയതിന്റെ പലിശയും ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം നൽകേണ്ടതാണ്.<br>നിബന്ധന (ഡി) യിൽ പ്രതിപാദിക്കുന്ന മാരക രോഗത്തിൽ ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗങ്ങൾ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം വന്ന് ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ എന്നിവരാണ് ഉൾപ്പെടുന്നത്. ഇത്തരം കേസ്സുകളിൽ അസിസ്റ്റന്റ് സിവിൽ സർജനിൽ കുറയാത്ത ഡോക്ടറുടെ | 4 (ഡി) വായ്പയെടുത്ത ശേഷം വായ്പക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പാ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസ്സുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75000 (എഴുപത്തഞ്ചായിരം) രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം നൽകേണ്ടതാണ്. ഇപ്രകാരം ധനസഹായം ലഭിച്ച വായ്പാക്കാരൻ മരണപ്പെടുകയാണെങ്കിൽ നിബന്ധന 4(എ) പ്രകാരം അർഹതയുളള ധനസഹായത്തിൽ നിന്നും ലഭിച്ച ആനുകൂല്യം കിഴിച്ച് ബാക്കി സംഖ്യക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുളളൂ.<br><br>നിബന്ധന(ഡി)യിൽ പ്രതിപാദിക്കുന്ന മാരക രോഗത്തിൽ ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് |

| | | |
|---|---|---|
| | സർട്ടിഫിക്കറ്റും അനുബന്ധമായ ചികിത്സാരേഖകളും ഹാജരാക്കേണ്ട താണ്. | രോഗം ബാധിച്ചവർ എന്നിവരാണ് ഉൾപ്പെടുന്നത്. ഇത്തരം കേസ്സുകളിൽ സർക്കാർ ആശുപത്രികൾ, മെഡിക്കൽ റീ ഇംപേഴ്സ്മെന്റിനായി സർക്കാർ അംഗീകരിച്ച ആശുപത്രികൾ, സഹകരണ സംഘം രജി സ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്ന സഹകരണ ആശുപത്രികൾ എന്നിവ ഉൾപ്പെടുത്തി ബോർഡ് തയ്യാറാക്കി അംഗീകരി ക്കുന്ന ലിസ്റ്റ് പ്രകാരമുള്ള ആശുപത്രികളിൽ നിന്നു ലഭ്യമാക്കുന്ന ചികിത്സാ സർട്ടിഫിക്കറ്റും അനുബന്ധ ചികിത്സാ രേഖകളും ഹാജരാക്കേണ്ടതാണ്. |
| 6 | 5. അർഹത-മരണപ്പെട്ട ആളിന്റെ പേരിലുള്ളതും,വായ്പാകാലാവധിക്കഴി ഞ്ഞതും/കഴിയാത്തതും 70 വയസ്സ് തികയുന്നതിന് മുമ്പ് തിരിച്ചടവ് കാലാവധി തീരുന്നതുമായ വായ്പകൾക്ക് മാത്രമാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുക. എന്നാൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച് അടച്ച് തീർത്ത വായ്പകൾക്കും, ഈ പദ്ധതി അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതിക്കകം അടച്ചുതീർന്ന വായ്പകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ പദ്ധതി പ്രകാരം ഒരു വായപയ്ക്ക് പരമാവധി ലഭിക്കുന്ന തുക ഒന്നര ലക്ഷം രൂപയും ആയതിന്റെ പലിശയുമായിരിക്കും. | 5. അർഹത-മരണപ്പെട്ടതോ/മാരക രോഗം പിടിപ്പെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട/മാരക രോഗം പിടിപ്പെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പക്കാരുടെ വായ്പകൾക്ക് മാത്രമാണ് യഥാക്രമം മരണാനന്തര ആനൂല്യം, ചികിത്സാ ധനസഹായം എന്നിവ ലഭിക്കുക. ഈ ഭേദഗതി നിലവിൽ വരുമ്പോൾ മുൻകാലങ്ങളിൽ നൽകിയതും ബാക്കിനിൽപ്പുള്ളതുമായ വായ്പകളേയും ഈ ഭേദഗതി പ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള പ്രീമിയം 6 മാസത്തിനുള്ളിൽ അടച്ച് മരണതീയതിയിൽ 70 വയസ്സ് എന്ന ആനുകൂല്യം ലഭ്യമാക്കാവുന്നതാണ്.<br>വായ്പയെടുത്ത് ഒരു മാസത്തിനുള്ളിൽ (അപകടം മൂലമോ, ഹാർട്ട് അറ്റാക്ക് മൂലമോ പെട്ടെന്നുള്ള മരണം ഒഴികെ) മരണപ്പെടുന്ന വായ്പക്കാരുടെ വായ്പകൾക്കും, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച് അടച്ച് തീർത്ത വായ്പകൾക്കും, ഈ പദ്ധതി അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടു വിക്കുന്ന തീയതിക്കകം അടച്ചുതീർന്ന വായ്പകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല.<br><br>ഒരു വായ്പക്കാരൻ എത്ര വായ്പകൾ എടുത്താലും നിയമാനുസൃത പ്രീമിയം അടച്ച് ഓരോ വായ്പയേയും പദ്ധതിയിൽ ചേർക്കാവുന്നതും അപ്രകാരം പദ്ധതിൽ ചേർക്കുന്ന ഓരോ വായ്പയ്ക്കും വായ്പക്കാരന്റെ മരണതീയതിയിൽ ബാക്കിനിൽപ്പുള്ള മുതലിനത്തിൽ പരമാവധി ഒന്നര ലക്ഷം രൂപയ്ക്കും ആയതിന്റെ പലിശയ്ക്കും അർഹതയുണ്ടായിരിക്കുന്നതു മാണ്. |
| 7 | 6. വായ്പാതുകയുടെ പരിധി പരിഗണി ക്കാതെ അർഹമായ എല്ലാ വായ്പ കളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താ | 6. വായ്പാതുകയുടെ പരിധി പരിഗണിക്കാതെ അർഹമായ എല്ലാ വായ്പകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതും എന്നാൽ |

| | | |
|---|---|---|
| | വുന്നതും എന്നാൽ ആനുകൂല്യം വായ്പാ മുതലിനത്തിൽ പരമാവധി ഒന്നര ലക്ഷം രൂപ മാത്രമായി പരിമിതപ്പെടുത്തുന്നതുമാണ്. | അത്തരം വായ്പകൾക്കും ആനുകൂല്യം വായ്പാ മുതലിനത്തിൽ പരമാവധി ഒന്നര ലക്ഷം രൂപയും ആയതിന്റെ പലിശയും ആയിരിക്കും. |
| 8 | 7 ഫണ്ട് രൂപീകരണം : ഈ ഭേദഗതി നിലവിൽ വരുന്ന തീയതിമുതൽ നൽകുന്ന വായ്പകളുടെ 0.25 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 50 രൂപയും പരമാവധി 375 രൂപയും ബന്ധപ്പെട്ട വായ്പക്കാരൻ വായ്പാതുക കൈപ്പറ്റുമ്പോൾ സംഘത്തിൽ റിസ്ക് ഫണ്ട് വിഹിതമായി അടയ്ക്കേണ്ടതാണ്. ഇപ്രകാരം സ്വരൂപിക്കുന്ന വിഹിതവും, സർക്കാരിൽ നിന്നോ മറ്റ് സ്ഥാപനങ്ങളിൽ നിന്നോ ലഭിക്കാവുന്ന ഗ്രാന്റ്, സംഭാവന തുടങ്ങിയവയും ഉൾപ്പെടുന്നതാണ് ഈ പദ്ധതിക്കായുള്ള ഫണ്ട്. | 7. ഈ ഭേദഗതി നിലവിൽ വരുന്ന തീയതിമുതൽ നൽകുന്ന ഓരോ വായ്പകളിൽ നിന്നും 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘം വായ്പക്കാരനിൽ നിന്ന് ഈടാക്കി ബോർഡിലേക്ക് അടവാക്കേണ്ടതാണ്. ഈ പദ്ധതിയിൽ ചേർന്നിട്ടില്ലാത്ത നിലവിലുള്ള വായ്പാക്കാരെ അർഹതയ്ക്ക് വിധേയരായി ബാക്കിനിൽപ്പ് വായ്പാതുക അടിസ്ഥാനപ്പെടുത്തി റിസ്ക് ഫണ്ട് വിഹിതം ഈടാക്കി ഭേദഗതി തീയതി മുതൽ 6 മാസത്തിനുള്ളിൽ പദ്ധതിയിൽ ചേർക്കാവുന്നതാണ്. ഇപ്രകാരം സ്വരൂപിക്കുന്ന വിഹിതവും, സർക്കാരിൽ നിന്നോ മറ്റ് സ്ഥാപനങ്ങളിൽ നിന്നോ ലഭിക്കാവുന്ന ഗ്രാന്റ്, സംഭാവന തുടങ്ങിയവയും ഉൾപ്പെടുന്നതാണ് ഈ പദ്ധതിക്കായുള്ള ഫണ്ട്.<br>അതാതുമാസം വായ്പക്കാരനിൽ നിന്ന് ഈടാക്കുന്ന റിസ്ക് ഫണ്ട് വിഹിതം തൊട്ടടുത്ത മാസം 15-ാം തീയതിക്കുള്ളിൽ ജില്ലാ സഹകരണ ബാങ്കിലെ ബോർഡ് അക്കൗണ്ടിലേക്ക് നിർദ്ദിഷ്ട ചെലാനിൽ ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘം അടച്ച് ചെലാൻപകർപ്പും ഫോം എ സ്റ്റേറ്റ്മെന്റും ലഭ്യമാക്കേണ്ടതാണ്. വായ്പാക്കാരനിൽ നിന്ന് ഈടാക്കുന്ന റിസ്ക് ഫണ്ട് വിഹിതം യഥാസമയം ബോർഡിന്റെ കോർപ്പസ് ഫണ്ടിലേക്ക് അടവാക്കാത്തതുമൂലം അർഹതപ്പെട്ട ആനുകൂല്യം വായ്പാക്കാരന് നഷ്ടമാകുന്നപക്ഷം ആയതിന് ബാങ്ക്/സംഘം ചീഫ് എക്സിക്യൂട്ടീവ് വ്യക്തിപരമായി ബാധ്യതപ്പെടുന്നതാണ്. നിർദ്ദിഷ്ട തീയതിക്കുശേഷമാണ് ബാങ്ക്/സംഘം റിസ്ക് ഫണ്ട് വിഹിതം ബോർഡിലേക്ക് അടയ്ക്കുന്നതെങ്കിൽ അടയ്ക്കുന്ന തീയതി എന്നാണോ അന്നുവരെ പ്രസ്തുത വിഹിതത്തിന്റെ 15 ശതമാനം പിഴ പലിശയോടു കൂടി അടവാക്കി ഭരണസമിതി തീരുമാനം ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്. |

| | | |
|---|---|---|
| 9 | 11.അപേക്ഷിക്കേണ്ട വിധം<br><br>(ബി) അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ, ഒരുമാസത്തിനകം സംഘം ഭരണ സമിതി പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതയുള്ളവയാണെങ്കിൽ ശുപാർശ ചെയ്തുകൊണ്ടുള്ള തീരുമാനമെടുക്കണം. പദ്ധതിയിലെ 11(എ) ചട്ടത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള രേഖകളോടൊപ്പം കമ്മിറ്റി തീരുമാന പകർപ്പും ചുവടെ ചേർക്കുന്ന രേഖകളും അപേക്ഷ സഹിതം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയോടുകൂടി ബോർഡ് സെക്രട്ടറിക്ക് അയച്ചുകൊടുക്കണം.<br><br>1.മരണമടഞ്ഞ വായപാക്കാരന് പദ്ധതിപ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ട് എന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ്<br>2. വായ്പാക്കാരന്റെ വായ്പ ഏറട വിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>3. കോർപ്പസ് ഫണ്ടിലേക്ക് വായ്പക്കാരന്റെ വിഹിതം അടച്ചിട്ടുള്ളതിന്റെ സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ്<br>4. ജില്ലാ സഹകരണ ബാങ്കിൽ കോർപ്പസ് ഫണ്ട് വിഹിതം അംഗ സംഘം നിക്ഷേപിച്ചതിന്റെ വിവരം ഉൾപ്പെടുത്തിയ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് | 11.അപേക്ഷിക്കേണ്ട വിധം<br><br>(ബി) റിസ്ക് ഫണ്ട് ധനസഹായത്തിനുള്ള അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ, ഒരുമാസത്തിനകം സംഘം ഭരണസമിതി പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതയുള്ളവയാണെങ്കിൽ ശുപാർശ ചെയ്തുകൊണ്ടുള്ള തീരുമാനമെടുത്ത് പദ്ധതിയിലെ 11(എ) ചട്ടത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള രേഖകളോടൊപ്പം കമ്മിറ്റി തീരുമാന പകർപ്പും ചുവടെ ചേർക്കുന്ന രേഖകളും അപേക്ഷ സഹിതം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയ്ക്കായി നൽകി ശുപാർശ സഹിതം 15 ദിവസത്തിനകം ബോർഡ് സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതാണ്.<br>സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നുള്ള അപേക്ഷകളിൽ ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ഓഡിറ്ററുടെ ശുപാർശയും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ നിന്നുള്ള അപേക്ഷകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ / വാല്യുവേഷൻ ഓഫീസറുടെ ശുപാർശയും മതിയാകുന്നതാണ്.<br><br>1.മരണമടഞ്ഞ/മാരക രോഗം പിടിപ്പെട്ട വായപാക്കാരന് പദ്ധതിപ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ട് എന്ന് കാണിക്കുന്ന സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ സർട്ടിഫിക്കറ്റ്<br>2. വായ്പാക്കാരന്റെ വായ്പ ഏറടവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>3. കോർപ്പസ് ഫണ്ടിലേക്ക് വായ്പക്കാരന്റെ വിഹിതം അടച്ചതിനുള്ള സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ്<br>4. ജില്ലാ സഹകരണ ബാങ്കിൽ കോർപ്പസ് ഫണ്ട് വിഹിതം അംഗസംഘം നിക്ഷേപിച്ചതിന്റെ വിവരം ഉൾപ്പെടുത്തിയ സ്റ്റേറ്റ്മെന്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br><br>5. മരണപ്പെട്ട/മാരക രോഗം പിടിപ്പെട്ട വായ്പാക്കാരന്റെ വയസ്സ് തെളിയിക്കുന്നതിനുള്ള സാക്ഷ്യപ്പെടുത്തിയ നിയമാനുസൃത രേഖ<br><br>6. ആവശ്യപ്പെടുന്ന ബന്ധപ്പെട്ട മറ്റു രേഖകളും. |
| 10. | 12 (1) ധനസഹായം അനുവദിക്കുന്ന അധികാരി- വികസന ക്ഷേമ നിധി ഫണ്ട് ബോർഡ് മാനേജിംഗ് കമ്മിറ്റിയാണ് ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ച് ധനസഹായം അനുവദിക്കേണ്ടത്. വായ്പ | 12 (1) ധനസഹായം അനുവദിക്കുന്ന അധികാരി- വികസന ക്ഷേമ നിധി ഫണ്ട്<br><br>മാനേജിംഗ് കമ്മിറ്റിയാണ് ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ച് ധനസഹായം അനുവദിക്കേണ്ടത്. വായ്പ അനുവദിച്ചു |

| | | |
|---|---|---|
| | അനുവദിച്ചുകഴിഞ്ഞാൽ ധനസഹായ തുക ബന്ധപ്പെട്ട സംഘത്തിന് ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതാണ്. | കഴിഞ്ഞാൽ ധനസഹായ തുക ബന്ധപ്പെട്ട സംഘത്തിന് ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതാണ്. അതോടൊപ്പം തന്നെ ബന്ധപ്പെട്ട അനന്തരവകാശിയെയും അറിയിക്കേണ്ടതാണ്. അപ്രകാരം ട്രാൻസ്ഫർ ചെയ്തു ലഭിക്കുന്ന തുക ബന്ധപ്പെട്ട വായ്പാകണക്കിലേക്ക് അടവാക്കി സംഘം/ബാങ്ക് വിനിയോഗ സർട്ടിഫിക്കറ്റ് 15 ദിവസത്തിനുള്ളിൽ ബോർഡിലേക്ക് അയച്ചുതരേണ്ടതുമാണ്.<br><br>മരണതീയതിയിൽ ഒന്നര ലക്ഷം രൂപവരെ മാത്രം ബാക്കി നിൽപ്പുള്ള വായ്പയിൽ ടി തീയതിക്കുശേഷം മുതലിനത്തിൽ തിരിച്ചടവ് നടത്തിയിട്ടുണ്ടെങ്കിൽ ബോർഡിൽ നിന്ന് പ്രസ്തുത വായ്പയ്ക്ക് ധനസഹായം ലഭിക്കുന്ന മുറയ്ക്ക് അധികമായി അടച്ച തുക വായ്പാക്കാരന്റെ അനന്തരാവകാശിക്ക് ബാങ്ക്/സംഘം തിരികെ നൽകേണ്ടതാണ്. |
| 11. | 13. പലവക<br><br>(2).വായ്പക്കാരൻ മരണപ്പെട്ടാൽ അന്നേ ദിവസം ടിയാളുടെ പേരിലുള്ള വായ്പാ കണക്കിൽ അടയ്ക്കാൻ ബാക്കി നിൽക്കുന്ന മുതലും പലിശയും കോർപ്പസ് ഫണ്ടിൽ നിന്ന് സംഘത്തിന് നൽകുന്നതാണ്. അതോടൊപ്പം പിഴ പലിശ, മറ്റ് ചിലവുകൾ ഇവ എഴുതി തള്ളുന്നതി നുള്ള തുർനടപടികൾ പൊതുയോഗത്തിന്റെഅനുമതിയുടേയും, രജിസ്ട്രാറുടെ അംഗീകാരത്തോടു കൂടിയും സംഘം സ്വീകരിക്കേണ്ടതാണ്. | 13. പലവക<br><br>(2). വായ്പക്കാരൻ മരണപ്പെട്ടാൽ അന്നേ ദിവസം ടിയാളുടെ പേരിലുള്ള വായ്പാ കണക്കിൽ ബാക്കിനിൽക്കുന്ന മുതലിൽ പരമാവധി ഒന്നര ലക്ഷം രൂപയും ആയതിന്റെ പലിശയും കോർപ്പസ് ഫണ്ടിൽ നിന്ന് സംഘത്തിന് നൽകാവുന്നതാണ്. അതോടൊപ്പം പിഴ പലിശ, മറ്റ് ചിലവുകൾ എന്നിവ എഴുതി തള്ളുന്നതിനുള്ള നടപടി സംഘം സ്വീകരിക്കേണ്ടതാണ്. |
| | 13(5)ഒരോ ജില്ലയ്ക്കും ഫണ്ടിന്റെ തുക, ബാക്കി നിൽപ്പ് തൻമാസം ഫണ്ടിൽ നിന്നും ലഭിച്ച തുക, തൻമാസം ഫണ്ടിൽ നിന്നും അനുവദിച്ച തുക ബാക്കി നിൽപ്പ്, ധനസഹായം അനുവദിച്ച സംഘങ്ങൾ എന്നിവ കാണിക്കുന്ന പുരോഗതി റിപ്പോർട്ട്/ സ്റ്റേറ്റ്മെന്റ്രജിസ്ട്രാർക്ക് അതിനടുത്ത മാസം സമർപ്പിക്കേണ്ടതാണ്. | 13 (5) ഒരോ ജില്ലയിൽ നിന്നും ലഭിച്ച തൻമാസ ഫണ്ടിന്റെ തുക, ഒരോ ജില്ലയിലേയും തൻമാസ ബാക്കി നിൽപ്പ് ഫണ്ടിന്റെ തുക, തൻമാസം ഫണ്ടിൽ നിന്നും ഓരോ ജില്ലയ്ക്കും അനുവദിച്ച തുക, തൻമാസം ധനസഹായം അനുവദിച്ച വായ്പകളുടെ ലിസ്റ്റ്, ഇവയുടെ പുരോഗതി റിപ്പോർട്ട്/സ്റ്റേറ്റ്മെന്റ് സർക്കാരിന് തൊട്ടടുത്തമാസം 15-ാം തീയതിക്കകം സമർപ്പിക്കേണ്ടതാണ്. |
| 12. | 13(6). റിസ്ക് ഫണ്ട് പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകളിൽ നിന്നും ബോർഡ് മാനേജിംഗ് കമ്മിറ്റിയുടെ ശുപാർശയ്ക്ക് വിധേയമായി ഇളവ് അനുവദിക്കുന്നതിന് സഹകരണ | 13(6).റിസ്ക് ഫണ്ട് പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിക്കുന്നതിന് സർക്കാരിന് അധികാരമു ണ്ടായിരിക്കും. പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകൾ ഗവൺമെന്റിന്റെ അനുമതിയില്ലാതെ ഭേദഗതി |

| | | |
|---|---|---|
| | സംഘം രജിസ്ട്രാർക്ക് അധികാരമുണ്ടായിരിക്കും. പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകൾ ഗവൺമെന്റിന്റെ മുൻകൂർ അനുവാദമില്ലാതെ ഭേദഗതി ചെയ്യാനോ, മാറ്റം വരുത്താനോ ഒഴിവാക്കാനോ പാടില്ലാത്തതാകുന്നു. | ചെയ്യാനോ, ഒഴിവാക്കാനോ പാടില്ലാത്തതാകുന്നു. |
| 13 | 13(7). നിലവിലില്ല. | 13 (7) സംഘത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട റിസ്ക് ഫണ്ട് ആനുകൂല്യം വായ്പക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയായിരിക്കുന്നതാണ്. |